"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയ ബാധിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.170/2019/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 23/12/2019

പരാമർശം:- 1 സ.ഉ.(സാധാ)നം.1105/2019/ത.സ്വ.ഭ.വ, തീയതി 30.05.2019

2 സ.ഉ.(സാധാ) നം.9823/2019/ധന, തീയതി 12.12.2019

ഉത്തരവ്

2018 ലെ മഹാപ്രളയവും ഉരുൾപൊട്ടലും സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രത്യേക വിഹിതം നൽകുന്നതിനായി 2019-20-ലെ സംസ്ഥാന ബജറ്റിൽ 250 കോടി രൂപ വകയിരുത്തിയിരുന്നു. ടി തുകയിൽ നിന്നും വിഹിതം ലഭിക്കുന്നതിന് അർഹതപ്പെട്ട പ്രാദേശിക സർക്കാരുകളെ കണ്ടെത്തുന്നതിന് മാനദണ്ഡങ്ങൾ സമർപ്പിക്കുന്നതിനും അതിൻപ്രകാരം ഓരോ തദ്ദേശസ്ഥാപനങ്ങൾക്കും നൽകേണ്ട തുക സംബന്ധിച്ച് നിർദേശം നൽകുന്നതിനും പരാമർശം (1) പ്രകാരം രൂപീകരിച്ച സമിതി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽപ്രകാരം ബഡ്ജറ്റിൽ മാറ്റിവെച്ചിരുന്ന തുകയിൽ നിന്നും 212.50 കോടി രൂപ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി അർഹതപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. മേൽ പ്രകാരം പ്രത്യേക വിഹിതം ലഭിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി അവലംബിക്കേണ്ട അനുബന്ധമായി പ്രതിപാദിക്കുന്ന മാർഗരേഖ അംഗീകരിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത്

ഡയറക്ടർ മുഖേന)

എല്ലാ നഗരസഭാ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും (ചീഫ്, വികേന്ദ്രീകൃതാസൂത്രണം മുഖേന)

ധനകാര്യ (എസ്.എഫ്.സി.- എ) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി (1394207)

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പ്രളയ ബാധിത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ

### 1. ആമുഖം

1.1 2018 ലെ മഹാപ്രളയവും ഉരുൾപൊട്ടലും സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രത്യേക വിഹിതം നൽകുന്നതിനായി 2019-20-ലെ സംസ്ഥാന ബജറ്റിൽ 250 കോടി രൂപ വകയിരുത്തിയിരുന്നു. ഇപ്രകാരം മാറ്റിവെച്ചിരുന്ന തുകയിൽ നിന്നും 212.50 കോടി രൂപ (പൊതു വിഭാഗം വിഹിതം - 167.49 കോടി രൂപ, പട്ടികജാതി ഉപപദ്ധതി വിഹിതം - 39.14 കോടി രൂപ, പട്ടിക വർഗ ഉപപദ്ധതി വിഹിതം-5.87 കോടി രൂപ) നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി അർഹതപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകിക്കൊണ്ട് 12-12-2019-ലെ സഉ(സാധാ) നം.9823/2019/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രത്യേക വിഹിതം ലഭിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുക വിനിയോഗിക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന മാർഗരേഖ അവലംബിക്കേണ്ടതാണ്.

1.2 പ്രളയത്തിൽ തകർന്നതോ കേടുപാടുകൾ സംഭവിച്ചതോ ആയ പൊതു ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും വാർഷിക പദ്ധതിയിൽപ്പെടുത്തി നിർവഹിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2018-19 ലെയും 2019-20 ലെയും വാർഷിക പദ്ധതികളിൽ നിന്നും വിഹിതം കണ്ടെത്തി ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ കാര്യമായ പരിശ്രമം നടത്തിയിട്ടുണ്ട്. എന്നിരുന്നാലും, പുനർനിർമ്മാണമോ അറ്റകുറ്റപ്പണിയോ നിർവഹിക്കേണ്ട പ്രവൃത്തികൾ ഇനിയും അവശേഷിക്കുന്നുണ്ടാകാം. അത്തരം പ്രവർത്തികൾക്കുവേണ്ട തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായും അനുവദിക്കുന്നുണ്ട്. ആയതിനാൽ പ്രത്യേക വിഹിതമായി ലഭിക്കുന്ന തുക പരമാവധി ജീവനോപാധി പരിപാടികൾ നടപ്പാക്കുന്നതിന് വിനിയോഗിക്കേണ്ടതാണ്.

### 2. ജീവനോപാധി പരിപാടികൾ

2.1 പ്രകൃതി ദുരന്തത്താൽ ജീവനോപാധി മാർഗം ഇല്ലാതായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുവേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ ബന്ധനം, ചെറുകിട വ്യവസായം, തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ മേഖലകളിൽ ഗുണഭോക്താക്കൾ ഇപ്പോൾ താല്പര്യപ്പെടുന്നതും അവർക്ക് അനുയോജ്യമായതും ആയ ഉപജീവന മാർഗം എതാണോ അത് നിർവഹിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ വേണം പരിപാടികൾ ആവിഷ്കരിച്ച നടപ്പാക്കേണ്ടത്. പ്രകൃതി ദുരന്തത്തിലൂടെ പ്രത്യക്ഷമായോ പരോക്ഷമായോ ജീവനോപാധി മാർഗങ്ങൾ നഷ്ടപ്പെട്ടവർക്ക് ഉപജീവന മാർഗങ്ങൾ ഉണ്ടാക്കുകയാണ്

മുഖ്യലക്ഷ്യമെങ്കിലും വിഹിതം ബാക്കിയുണ്ടെങ്കിൽ ഉപജീവനമാർഗങ്ങൾക്ക് ധനസഹായം ആവശ്യമായ മറ്റുള്ളവരെയും പരിഗണിക്കാവുന്നതാണ്.

2.2 സംസ്ഥാന സർക്കാർ കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന പ്രത്യേക ജീവനോപാധി പാക്കേജുമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവരുടെ ജീവനോപാധി പരിപാടികൾ സംയോജിപ്പിച്ച് നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

2.3 ജീവനോപാധി പരിപാടികൾ തയ്യാറാക്കുന്നതിന്റെ ആദ്യപടിയായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് അപേക്ഷ ക്ഷണിക്കേണ്ടതാണ്. ഇതിന് വ്യാപക പ്രചാരണം നൽകണം. അപേക്ഷാഫോറത്തിൽ, പ്രളയത്തിലൂടെ നഷ്ടമായ ജീവനോപാധിയുടെ വിശദാംശങ്ങൾ, നഷ്ടപ്പെട്ട അതേ ജീവനോപാധിമാർഗം തന്നെയാണോ തുടർന്നും ആഗ്രഹിക്കുന്നത്, മറ്റേതെങ്കിലും ജീവനോപാധി മാർഗമാണ് അഗ്രഹിക്കുന്നതെങ്കിൽ അതിന്റെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

2.4 പ്രകൃതി ദുരന്തത്താൽ ജീവനോപാധി മാർഗങ്ങൾ നഷ്ടപ്പെട്ടവരിൽ ഒട്ടേറെപ്പേർക്ക് ഇതിനോടകം വിവിധ വകുപ്പുകൾ മുഖേന ആനുകൂല്യം ലഭിച്ചിട്ടുണ്ട്. അതിനാൽ, ഇത്തരത്തിൽ ആനുകൂല്യം ലഭിച്ചവരുടെ ഒരു പട്ടിക തയ്യാറാക്കുന്നത് ഉചിതമായിരിക്കും. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക വിഹിതമായി ലഭ്യമാകുന്ന പിരമിതമായ വിഭവത്തിന്റെ വിതരണത്തിലെ ഇരട്ടിപ്പും ദുർവ്യയവും ഒഴിവാക്കുന്നതിന് സഹായിക്കും.

2.5 അപേക്ഷകൾ പരിശോധിച്ച് പ്രോജക്റ്റ് ആശയങ്ങൾക്ക് രൂപം നൽകുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെയും ആസൂത്രണ സമിതി അംഗങ്ങളുടെയും ഒരു സംയുക്ത യോഗം വിളിച്ചു ചേർക്കേണ്ടതാണ്. യോഗത്തിലേക്ക് വിദഗ്ധരെക്കൂടി ക്ഷണിച്ച് പ്രോജക്റ്റ് ആശയങ്ങൾ ചർച്ച ചെയ്യുന്നതിന് ശ്രമിക്കണം. പുതിയ തൊഴിൽ മേഖലകൾ കൂടി പരിഗണിച്ചുകൊണ്ട് അനുയോജ്യമായ രംഗത്ത് ഗുണഭോക്താക്കൾ ഒറ്റയ്ക്കോ ഗ്രൂപ്പായോ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഉപജീവനമാർഗം തെരഞ്ഞെടുക്കുമ്പോൾ കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പ്രോജക്റ്റ് ആശയങ്ങൾക്ക് ഉയർന്ന പരിഗണന നൽകണം.

2.6 മുൻഖണ്ഡികയിൽ പ്രതിപാദിച്ച പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും നടക്കുന്ന യോഗങ്ങളിൽ, കുടുംബശ്രീ മിഷൻ ആവിഷ്കരിച്ച ജീവനോപാധി പാക്കേജിന്റെ ഭാഗമായി അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അവതരിപ്പിക്കുന്നതിന് ആവശ്യമായ നടപടി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സ്വീകരിക്കേണ്ടതാണ്. ഈ യോഗത്തിലേക്ക് സി.ഡി.എസ് ചെയർപേഴ്സണെയും ക്ഷണിക്കേണ്ടതാണ്.

2.7 പ്രോജക്റ്റ് ആശയങ്ങൾ പരിചയപ്പെടുത്തി അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ഓരോ ഗുണഭോക്താവിനും അനുയോജ്യമായ ഉപജിവനമാർഗം തെരഞ്ഞെടുക്കുന്നതിനുമായി, അർഹരായ അപേക്ഷകരുടെ ഒരു സംയുക്തയോഗം ചേരാവുന്നതാണ്. യോഗത്തിൽ വച്ച് ഓരോരുത്തരുടെയും താല്പര്യങ്ങൾകൂടി പരിഗണിച്ച് വ്യക്തിഗതവും ഗ്രൂപ്പ് അധിഷ്ഠിതവുമായ വിവിധ പ്രോജക്റ്റുകൾക്ക് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ രൂപം നൽകേണ്ടതാണ്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ പ്രകൃതി ദുരന്തത്താൽ പ്രത്യക്ഷത്തിലോ പരോക്ഷത്തിലോ ജീവനോപാധി നഷ്ടപ്പെട്ടവരെ ആദ്യം പരിഗണിക്കണം. അതിനുശേഷം മാത്രം അപേക്ഷകരിലെ ഏറ്റവും അർഹരായ മറ്റുള്ളവരെ വ്യക്തമായ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ സുതാര്യമായി കണ്ടെത്തണം.

2.8 അപേക്ഷകരുടെ സംയുക്ത യോഗത്തിൽ വച്ച് പ്രോജക്ടുകൾക്ക് രൂപം നൽകിയതിനുശേഷം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും യോഗം ചേർന്ന് വിഭവ ലഭ്യതയ്ക്കനുസരിച്ച് ജീവനോപാധി പരിപാടികൾക്ക് അന്തിമരൂപം നൽകേണ്ടതാണ്.

2.9 തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ നിശ്ചിത ഫോറങ്ങളിൽ പ്രോജക്റ്റ് വിശദാംശങ്ങൾ തയ്യാറാക്കി 2019-20 വാർഷിക പദ്ധതിയുടെ ഭാഗമാക്കിയതിനുശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

## 3. വിഭവവും സബ്സിഡി മാനദണ്ഡങ്ങളും

3.1 പ്രത്യേക വിഹിതം, വികസന ഫണ്ട്, തനത് ഫണ്ട്, സ്പോൺസർഷിപ്പ് വിഹിതം, ധനകാര്യ സ്ഥാപനങ്ങളുടെ വിഹിതം എന്നിവ ജീവനോപാധി പരിപാടികൾക്കുള്ള വിഭവമായി പരിഗണിക്കേണ്ടതാണ്.

3.2 തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തുള്ള സർവീസ് സഹകരണ ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും വായ്പാ സാധ്യത പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. സബ്സിഡിക്ക് ഉപരിയായി ഗുണഭോക്താവ് കണ്ടെത്തേണ്ട വിഹിതം കുറഞ്ഞ നിരക്കിൽ വായ്പയായി ലഭ്യമാക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കണം.

3.3 ജീവനോപാധി നഷ്ടപ്പെട്ട എല്ലാവർക്കും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജീവനോപാധി പരിപാടികളുടെ ഭാഗമായി ധനസഹായം ലഭ്യമാക്കാൻ കഴിയാതെ വരുന്ന സാഹചര്യമുണ്ടെങ്കിൽ കുടുംബശ്രീ ഉൾപ്പെടെ മറ്റ് ഏജൻസികളും വകുപ്പുകളും മുഖേന ജീവനോപാധി മാർഗങ്ങൾ കണ്ടെത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം.

3.4 പ്രകൃതി ദുരന്തത്താൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് സബ്സിഡി മാർഗരേഖ അനുസരിച്ചുള്ള യൂണിറ്റ് കോസ്റ്റിന്റെ 100 ശതമാനം വരെ സബ്സിഡി അനുവദിക്കാവുന്നതാണ്. മറ്റുള്ളവർക്ക് നിലവിലുള്ള സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമായ സബ്സിഡി നൽകാവുന്നതാണ്.

## 4. ജീവനോപാധി ഇതര പരിപാടികൾ

4.1 ജീവനോപാധി പരിപാടികൾ നടപ്പാക്കുന്നതിനൊപ്പം മുൻഗണന അർഹിക്കുന്നതും അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കേണ്ടതുമായ ചുവടെ പ്രതിപാദിക്കുന്ന പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ്.

(i) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി (ഡി.ഡി.എം.എ) വിജ്ഞാപനം ചെയ്തിട്ടുള്ള ദുരിതാശ്വാസ കേന്ദ്രങ്ങളുടെ (shelters) നവീകരണവും സൗകര്യങ്ങൾ മെച്ചപ്പെടുത്തലും

(ii) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായി കൂടിയാലോചിച്ച് പുതിയ ഷെൽറ്ററുകൾ സ്ഥാപിക്കൽ.

(iii) പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ (ഉദാ: നീർച്ചാലുകളുടെ വീതി കൂട്ടൽ, അധിക ജലം ഒഴുകിപ്പോകുന്നതിന് തടസമായി നിൽക്കുന്ന നിർമ്മിതികൾ പുതുക്കിപ്പണിയൽ)

(iv) പ്രളയത്തിൽ തകർന്നതോ കേടുപാടുകൾ പറ്റിയതോ ആയ പൊതു ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും

(v) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും പ്രളയത്തിൽ നാശനഷ്ടമുണ്ടായതുമായ ഗ്രന്ഥശാലകളുടെ പുനർനിർമ്മാണ പ്രവൃത്തികളും പുസ്തകങ്ങൾ വാങ്ങി നൽകലും

4.2 നിർമ്മിതികൾ ദുരന്താതിജീവന ശേഷിയുള്ളതായിരിക്കണമെന്നാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുന്നോട്ട് വയ്ക്കുന്ന സമീപനം. ഇതുകൂടി പരിഗണിച്ചുകൊണ്ടുവേണം പ്രോജക്ടുകൾ നടപ്പാക്കേണ്ടത്.

## 5. മറ്റ് നിർദ്ദേശങ്ങൾ

5.1 പ്രത്യേക വിഹിതമായി ലഭിക്കുന്ന തുകയ്ക്ക് മേഖലാ നിബന്ധനകൾ ബാധകമല്ല.

5.2 സുലേഖ സോഫ്റ്റ് വെയറിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ, പ്രത്യേക വിഹിതമായി ലഭിക്കുന്ന തുകയെ, വികസന ഫണ്ട് വിഹിതത്തിനുള്ളിൽ 'പ്രത്യേക വിഹിതം' എന്ന കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

5.3 ഈ മാർഗരേഖ പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ, ഇതിന്റെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറത്തിൽ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

5.4 ഈ മാർഗരേഖ പ്രകാരം തയ്യാറാക്കുന്ന പ്രോജക്ടുകളുടെ വെറ്റിംഗ് നടപടിക്രമങ്ങൾ പൂർത്തിയാക്കി 2020 ജനുവരി 4-ന് മുൻപ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

*********

അനുബന്ധം

പ്രളയ ബാധിത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം (2019-20) വിനിയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ / നഗരസഭയുടെ പേര്........................................ജില്ല..............................................

| ക്രമ നം | പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ ലക്ഷ്യം സംബന്ധിച്ച ലഘുവിവരണം | വിഭാഗം | മേഖല | ഗുണഭോക്താക്കൾ (എണ്ണം)/ ഭൗതിക ലക്ഷ്യം (യൂണിറ്റ് ഉൾപ്പെടെ) | വകയിരുത്തൽ (രൂപയിൽ) | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | വികസന ഫണ്ട് (General/ SCP/TSP) | പ്രത്യേക വിഹിതം (General/ SCP/TSP) | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| (എ) | ജീവനോപാധി പരിപാടികൾ | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| (ബ) | മറ്റ് പ്രോജക്ടുകൾ | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| ആകെ | | | | | | | | | | |